(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2004-05-ലെ കേന്ദ്ര വിഹിതമായി ലഭിച്ചത് 61.30 കോടി രൂപയാണ്. കൂടാതെ സുനാമി ദുരിതാശ്വാസത്തിനായി നാഷണൽ കണ്ടിജൻസി കലാമിറ്റി ഫണ്ടിൽനിന്നും 100 കോടി രൂപയും ഇതിനകം ലഭിച്ചിട്ടുണ്ട്.

സുനാമി-സർക്കാരിതര സംഘടനകളുടെ പദ്ധതികൾ

96 [101] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി വ്യക്തികളും മറ്റ് സർക്കാരിതര സംഘടനകളും പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അത് എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് സർക്കാർ ഏജൻസികളുടെ മേൽനോട്ടത്തിലാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നുമായി പല വ്യക്തികളും മറ്റ് സർക്കാരിതര സംഘടനകളും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പുനരധിവാസ പ്രവർത്തനങ്ങൾക്കും സർക്കാരുമായി സഹകരിക്കാനും സഹായിക്കാനും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സംഘടനകളെയും മറ്റും പങ്കെടുപ്പിച്ചുകൊണ്ട് രണ്ട് യോഗങ്ങൾ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിക്കുകയുണ്ടായി. അവരുടെ സഹായ വാഗ്ദാനം സ്വരൂപിച്ച് പ്രാവർത്തികമാക്കാൻ സർക്കാർ തലത്തിൽ തന്നെ നടപടി സ്വീകരിച്ചു വരുന്നു.

സുനാമി ദുരിതാശ്വാസ നിധി

97 [102] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സുനാമി ദുരിതാശ്വാസ നിധിയിലേക്ക് നാളിതുവരെയായി എന്തു തുക ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എന്തു തുക ഇതിനകം ചെലവഴിച്ചു;

(സി) സുനാമി ദുരന്തത്തിൽപ്പെട്ട് മരിച്ചവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) 5 ലക്ഷം രൂപയ്ക്കുമേൽ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിട്ടുള്ള വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും പേർ വിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 25-1-2005 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി 15.22 കോടി രൂപ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയുടെ പുറത്തുള്ള കണക്കുകൾ ലഭ്യമായിട്ടില്ല.

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി ജില്ലാ കളക്ടർമാരാണ് തുക ചെലവഴിക്കുന്നത്. ജില്ലകളിൽ നിന്ന് ആവശ്യപ്പെട്ടതനുസരിച്ച് തുക അനുവദിച്ചിട്ടുണ്ട്. ഇതിനകം ചെലവായ തുകയുടെ കണക്ക് ശേഖരിച്ചുവരുന്നു.

(സി) മരണപ്പെട്ട മുതിർന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും, കുട്ടികളുടെ അവകാശികൾക്ക് 50,000 രൂപയും നൽകാൻ ഉത്തരവായിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സുനാമി ദുരന്തത്തിൽ ഭവനരഹിതരായവർ

98 [103] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽ എത്ര കുടുംബങ്ങൾക്കാണ് ഭവനങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളത്;

(ബി) ഇവരെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(സി) ഇതിനകം ഇതിൽ എന്തെല്ലാം നടപ്പിലാക്കി;

(ഡി) ഏതെല്ലാം സന്നദ്ധ സംഘടനകളാണ് പുനരധിവാസ പദ്ധതിയിൽ പങ്കാളികളാകാൻ സന്മനോഭാവം കാണിച്ചിട്ടുള്ളത്;

(ഇ) ദുരന്തത്തിൽ ജീവനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി ജീവനോപകരണങ്ങൾ നൽകാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാനായി ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം 17,381 വീടുകൾ ഭാഗികമായോ, പൂർണ്ണമായോ നഷ്ടപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) പാർപ്പിടവും ഭൂമിയും നഷ്ടപ്പെട്ടവരെ ദുരിതാശ്വാസ ക്യാമ്പുകളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. താൽക്കാലിക ഭവനങ്ങൾ നിർമ്മിച്ച് ഫെബ്രുവരി പതിനഞ്ചാം തീയതിക്കുമുമ്പ് ഇവരെ അതിൽ മാറ്റാൻ തീരുമാനമായിട്ടുണ്ട്. ഇവർക്ക് സ്ഥിരമായ വീടുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കാനും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly